ഹയർ സെക്കൻഡറി
ഡയറക്ടറുടെ കാര്യാലയം,
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്,
ശാന്തി നഗർ,
തിരുവനന്തപുരം.

**EX-II/1/14608/HSE/2017** തീയതി : **13/07/2017**

## സർക്കുലർ

വിഷയം :- ഹയർ സെക്കന്ററി ഒന്നാംവർഷ ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി പരീക്ഷ ജൂലൈ 2017 - കമ്പാർട്ട്മെന്റൽ വിഭാഗം വിദ്യാർത്ഥികൾക്ക് - പരീക്ഷാഫീസടയ്ക്കുന്നതിനുള്ള തീയതി വീണ്ടും ദീർഘിപ്പിച്ചത് അറിയിക്കുന്നത് - സംബന്ധിച്ച്.

സൂചന :-
1. 12/06/2017-ലെ ഇതേ നമ്പർ വിജ്ഞാപനം.
2. 29/06/2017-ലെ ഇതേ നമ്പർ സർക്കുലർ
3. 06/07/2017-ലെ ഇതേ നമ്പർ സർക്കുലർ.

ജൂലൈയിൽ നടക്കുന്ന ഒന്നാംവർഷ ഹയർ സെക്കന്ററി ഇംപ്രൂവ്മെന്റ്/ സപ്ലിമെന്ററി പരീക്ഷയ്ക്ക് അപേക്ഷിക്കുന്ന കമ്പാർട്ട്മെന്റൽ വിഭാഗം വിദ്യാർത്ഥികൾക്ക് ഫീസടയ്ക്കുന്നതിനുള്ള തീയതി സൂചന (2), (3) സർക്കുലറുകൾ പ്രകാരം ദീർഘിപ്പിച്ചിരുന്നു. എന്നാൽ 2017 ജൂണിൽ നടന്ന സേ പരീക്ഷയിൽ വിജയിക്കാത്ത വിദ്യാർത്ഥികൾക്ക്കൂടി ഒന്നാംവർഷ ഇംപ്രൂവ്മെന്റ് പരീക്ഷയ്ക്ക് അപേക്ഷിക്കേണ്ടതിനാൽ കമ്പാർട്ട്മെന്റൽ വിഭാഗം വിദ്യാർത്ഥികൾക്ക് ഫീസ് ഒടുക്കി പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യാനുള്ള തീയതി 14/07/2017 വെള്ളിയാഴ്ച ഉച്ചയ്ക്ക് 2 മണി വരെയായി ദീർഘിപ്പിച്ചിരിക്കുന്നു. പ്രിൻസിപ്പൽമാർ വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ 14/07/2017 വെള്ളിയാഴ്ച വൈകുന്നേരം 5 മണിയ്ക്കകംതന്നെ അപ്ലോഡ് ചെയ്യേണ്ടതുമാണ്.

ഈ വർഷം മുതൽ കമ്പാർട്ട്മെന്റൽ വിദ്യാർത്ഥികൾക്ക് ഒറ്റത്തവണ രജിസ്ട്രേഷനായതിനാൽ പരീക്ഷയെഴുതുന്ന വിഷയത്തിന്റെ ഒന്നാംവർഷ ഇംപ്രൂവ്മെന്റ് പരീക്ഷാഫീസും, മാർച്ച് 2018-ലെ രണ്ടാംവർഷ ഹയർ സെക്കന്ററി പരീക്ഷാഫീസും ഒന്നിച്ച് ഒടുക്കേണ്ടതാണ്.

**ഒപ്പ്/-**
**ജോയിന്റ് ഡയറക്ടർ (പരീക്ഷാവിഭാഗം)**
**&**
**സെക്രട്ടറി**
**ബോർഡ് ഓഫ് ഹയർ സെക്കന്ററി**
**എക്സാമിനേഷൻസ്**